പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 679 — 24.01. 2018 ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് വർദ്ധന

ചോദ്യം — ഉത്തരം

ശ്രീ.എ.പി.അനിൽ കുമാർ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) അടുത്ത് നാല് വർഷത്തെ വൈദ്യുതി നിരക്ക് വർദ്ധന ഒന്നിച്ച് പ്രഖ്യാപിക്കുവാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇന്ധന സർചാർജ്ജായി യൂണിറ്റിന് എത്ര പൈസവീതം വർദ്ധിപ്പിക്കണമെന്നാണ് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിന്മേൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനം എടുത്തിട്ടുണ്ടോ; | (ബി) 2017 ഏപ്രിൽ 1 മുതൽ 2017 ജൂൺ 30 വരെയുള്ള കാലയളവിലേക്ക്, ഇന്ധന സർചാർജ്ജായി 74.60 കോടി രൂപ അനുവദിക്കണമെന്നും, ടി തുക യൂണിറ്റിന് 14 പൈസ നിരക്കിൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് അനുവദിക്കണമെന്നുമാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ, 2017 ജൂലൈ 1 മുതൽ 2017 സെപ്റ്റംബർ 30 വരെയുള്ള കാലയളവിലേക്ക്, 19.74 കോടി രൂപയും ഇന്ധനസർചാർജ്ജായി അനുവദിക്കണമെന്നും,ടി തുക യൂണിറ്റിന് 3.98 പൈസ നിരക്കിൽ അനുവദിക്കണമെന്നും വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്.ടി ആവശ്യം കമ്മീഷൻ പരിശോധിച്ചു വരുന്നു. |
| (സി) കഴിഞ്ഞ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലഘട്ടത്തിൽ ബോർഡ് പുറത്തുനിന്ന് ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയിട്ടുണ്ടോ; ആ ഇനത്തിൽ ഉണ്ടായ അധികച്ചെലവ് എത്രയാണ്; ഇത് ഈടാക്കുന്നതിനായിട്ടാണോ ഇന്ധന ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) 2017-18 സാമ്പത്തികവർഷം (ഏപ്രിൽ-ജൂൺ) കാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പുറത്തുനിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഈ കാലയളവിൽ ശരാശരി 3 രൂപ 84 പൈസാ നിരക്കിലാണ് വൈദ്യുതി വാങ്ങിയിരിക്കുന്നത്. ഈ ഇനത്തിൽ ഏകദേശം 1884 കോടി രൂപ ചെലവലായിട്ടുണ്ട്.<br>2014-ലെ താരിഫ് റെഗുലേഷന്റെ 88- ാം |

| | |
|---|---|
| | റെഗുലേഷനിൽ പ്രതിപാദിച്ചിരിക്കുന്ന ഇന്ധന സർചാർജ്ജ് റെഗുലേഷൻ പ്രകാരം കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സ്രോതസ്സുകളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ഇന്ധനവിലയിലെ വ്യതിയാനത്തിന്റെ അധിക ബാധ്യത ഈടാക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 2017-18 സാമ്പത്തിക വർഷത്തിൽ ഉണ്ടായ അധിക ബാധ്യതയായ 74.60 കോടി രൂപയുടെ കണക്ക് റെഗുലേറ്ററി കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ അന്തിമ ഉത്തരവ് കമ്മീഷനിതുവരെ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ